പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2430

18.12.2012-ലെ
മറുപടിയ്ക്ക്

**കിൻഫ്രയുടെ പ്രവർത്തനം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക് | ശ്രീ.പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |

(എ) 2001 മുതൽ 2012 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തിലും പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര എത്ര രൂപയുടെ ലാഭം/നഷ്ടം ഉണ്ടാക്കിയെന്ന് വിശദമാക്കാമോ;

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ ഒരു 'സ്റ്റാറ്റ്യൂട്ടറി ബോഡിയായി രൂപീകൃതമായ സ്ഥാപനമാണ് കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര). ആയതിനാൽ കിൻഫ്രയുടെ പ്രവർത്തനം ലാഭ നഷ്ടത്തിനെ അടിസ്ഥാനപ്പെടുത്തി ഉള്ളതല്ല. മറിച്ച് ഓരോ സാമ്പത്തിക വർഷത്തിലും വരവിനു മേൽ ചിലവും ചിലവിനുമേൽ വരവും എന്ന അടിസ്ഥാനത്തിലാണ് Books of Accounts തയ്യാറാക്കുന്നത്. ഇത് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Year | Income over expenditure (Rs) | Expenditure over income (Rs) |
|---|---|---|
| 2001 | - | 3,936.39 |
| 2002 | - | 4,311,042.43 |
| 2003 | 1,319,880.01 | - |
| 2004 | - | 525,987.62 |
| 2005 | 3,254,135.10 | - |
| 2006 | 1,143,733.14 | - |
| 2007 | 9,118,119.29 | - |
| 2008 | 2,562,213.90 | - |
| 2009 | 637,901,221.77 | - |
| 2010 | 291,083,865.59 | - |
| 2011 | 93,341,419.12 | - |
| 2012 | 100,932,463.51 | - |

(ബി) 2001 മുതൽ 2012 വരെ ഓരോ സാമ്പത്തിക വർഷത്തിലും കിൻഫ്രയ്ക്ക് ലഭിച്ച ബഡ്ജറ്റ് വിഹിതം എത്ര;

ബി) 2001 മുതൽ 2012- വരെ ഓരോ വർഷവും കിൻഫ്രയ്ക്കു ലഭിച്ച ബഡ്ജറ്റ് വിഹിതത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Year | Amount received under Budget provisions (Rs in lakhs.) |
|---|---|
| 2001 | 1425.00 |
| 2002 | 400.00 |
| 2003 | 1000.00 |
| 2004 | 2850.00 |
| 2005 | 850.00 |
| 2006 | 1000.00 |
| 2007 | 1250.00 |
| 2008 | 500.00 |
| 2009 | 1500.00 |
| 2010 | 1500 00 |
| 2011 | 5500.00 |
| 2012 | 5200.00 |

സി) പ്രസ്തുത കാലയളവിൽ ഓരോ സാമ്പത്തിക വർഷവും എവിടങ്ങളിലെല്ലാം എത്രയധികം ഭൂമി കിൻഫ്രയ്ക്ക് വ്യവസായ വികസനത്തിനായി ഏറ്റെടുക്കാനായിയെന്ന് വെളിപ്പെടുത്തുമോ;

സി) പ്രസ്തുത കാലയളവിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി കിൻഫ്ര സംസ്ഥാന ത്തിന്റെ വിവിധ ഭാഗങ്ങളിലായി 950.90 ഏക്കറോളം ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇവ കൂടാതെ നോഡൽ ഏജൻസി എന്ന നിലയിൽ കണ്ണൂർ വിമാനത്താവളത്തിനു വേണ്ടി 1092 ഏക്കർ ഭൂമിയും പ്രസ്തുത കാലയളവിൽ കിൻഫ്ര ഏറ്റെടുത്തിട്ടുണ്ട്.

ഡി) ഈ കാലയളവിൽ ഓരോ സാമ്പത്തികവർഷവും എവിടെയെല്ലാം എത്ര ഭൂമി കിൻഫ്ര, നിക്ഷേപകർക്കായി അനുവദിച്ചു; ഇതുവഴി എത്ര കോടി രൂപയുടെ നിക്ഷേപ മുണ്ടായി; എത്ര തൊഴിലുകൾ ഓരോ സാമ്പത്തിക വർഷവും സാധ്യമാക്കാൻ കഴിഞ്ഞു; വ്യക്തമാക്കുമോ?

ഡി) 2001-2012 കാലയളവിൽ കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ വ്യവസായ സംരംഭകർക്ക് അലോട്ട് ചെയ്ത ഭൂമി, സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ, നിക്ഷേപങ്ങൾ എന്നിവയുടെ പട്ടിക തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2001-2005 കാലയളവിൽ കിൻഫ്രയുടെ വിവിധ പാർക്കുകളിൽ വ്യവസായ സംരംഭകർക്ക് 346.62 ഏക്കർ ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ ഏകദേശം 5685 പേർക്ക് തൊഴിലവസരവും 180.50 കോടിരൂപയുടെ നിക്ഷേപവും ഉണ്ടായിട്ടുണ്ട്.

2006-2011 കാലയളവിൽ കിൻഫ്രയുടെ വിവിധ പാർക്കുകളിൽ വ്യവസായ സംരംഭകർക്ക് 1065.8 ഏക്കർ ഭൂമി അലോട്ട് ചെയ്യുകയും ഏകദേശം 2521 പേർക്ക് തൊഴിലവസരവും 252.57 കോടി രൂപയുടെ നിക്ഷേപവും ഉണ്ടായിട്ടുണ്ട്.

2012ൽ കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ വ്യവസായ സംരംഭകർക്ക് 102.15 ഏക്കർ ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. പദ്ധതികൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ ഏകദേശം 3984 പേർക്ക് തൊഴിലവസരവും 296.12 കോടി രൂപയുടെ നിക്ഷേപവും പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

<u>2001- 2005</u>

| Year | Area Allotted (In acres) | Investment (Rs. lakhs) | Employment |
|---|---|---|---|
| 2001 | 13.55 | 2644.00 | 240 |
| 2002 | 81.08 | 2832.20 | 615 |
| 2003 | 114.69 | 5626.90 | 1230 |
| 2004 | 50.77 | 3036.30 | 1100 |
| 2005 | 86.53 | 3911.44 | 2500 |
| **Total** | **346.62** | **18050.84** | **5685** |

<u>2005-2011</u>

| Year | Area Allotted (In acres) | Investment (Rs. lakhs) | Employment |
|---|---|---|---|
| 2006 | 52.5 | 1821 | 189 |
| 2007 | 21.59 | 1810 | 212 |
| 2008 | 368.32 | 1560 | 178 |
| 2009 | 393.59 | 8800 | 333 |
| 2010 | 176.72 | 1044 | 207 |
| 2011 | 53.08 | 10222 | 1402 |
| **Total** | **1065.8** | **25257** | **2521** |
| **2012** | | | |
| **2012** | **102.15** | **29612** | **3984** |